പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 472

22/03/2018 - ൽ മറുപടിക്ക്

# സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി

ചോദ്യം

ശ്രീ.വി.എസ്.ശിവകുമാർ
ശ്രീ.എം. വിൻസെന്റ്
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.അൻവർ സാദത്ത്

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരന്റി നൽകുന്നുണ്ടോ. വിശദാംശം നൽകുമോ; | എ) | ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയിലെ നിക്ഷേപങ്ങൾക്ക് റിസർവ്വ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ ഗ്യാരന്റി സ്കീം മുഖേന ഗ്യാരന്റി നൽകുന്നുണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത പ്രാഥമിക സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ആവിഷ്കരിച്ച നിക്ഷേപഗ്യാരന്റി സ്കീം മുഖേന ഗ്യാരന്റി നൽകുന്നുണ്ട്. സംഘങ്ങൾ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുകയാണ് നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. കേരള സർക്കാരിന്റെ സ്കീം പ്രകാരം സ്കീമിലേക്ക് നോട്ടിഫൈ ചെയ്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് പരമാവധി 1.50 ലക്ഷം (ഒന്നര ലക്ഷം) രൂപ വരെ ഗ്യാരന്റി ലഭിക്കും. |
| ബി) | സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപ സുരക്ഷ ഉറപ്പ് വരുത്തുന്ന സ്കീം ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | ബി) | കേരള സർക്കാർ ആവിഷ്കരിച്ച നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം കേരള സഹകരണ ചട്ടത്തിലെ ചട്ടം 63 ൽ പരാമർശിച്ചിട്ടുള്ള നിശ്ചിത തരലധനം യഥാവിധി സൂക്ഷിക്കുന്ന സഹകരണ സംഘങ്ങളെയാണ് സ്കീമിലേക്ക് നോട്ടിഫൈ ചെയ്യുന്നത്. ഈ സ്കീമിലേക്ക് നോട്ടിഫൈ ചെയ്ത സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കേരള നിക്ഷേപ സുരക്ഷ ഫണ്ട് ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | സി) | കേരള നിക്ഷേപ സുരക്ഷ ഫണ്ട് ബോർഡിന്റെ പ്രവർത്തനം 2012 ൽ ആരംഭിച്ചു. |
| ഡി) | തിരുവനന്തപുരത്തെ സ്റ്റാച്യുവിലുള്ള കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘത്തിൽ നടന്ന തട്ടിപ്പിലൂടെ കോടികൾ നഷ്ടപ്പെട്ട നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്? | ഡി) | കെ.എസ്.എഫ്.ഇ സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നം.777 ൽ നടന്ന ക്രമക്കേടിലൂടെ നിക്ഷേപം നഷ്ടപ്പെട്ട നിക്ഷേപകരുടെ നിക്ഷേപം മടക്കി നൽകുന്നതിനായി 494/2014/സഹ തീയതി 1/9/2014, 491/2014/സഹ തീയതി 30/08/2014 എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് അനുവദിച്ച 5.25 കോടി രൂപയും, സംഘത്തിൽ പിരിഞ്ഞ് കിട്ടിയ തുകയും വിനിയോഗിച്ച് 1962 സ്ഥിരനിക്ഷേപങ്ങളിലായി 29,24,22,854/- രൂപയിൽ രണ്ട് ഘട്ടങ്ങളിലായി വ്യത്യസ്ത നിരക്കുകളിൽ നാളിതുവരെ 7,29,67,035/- രൂപ മടക്കി നൽകിയിട്ടുണ്ട്.<br><br>കൂടാതെ നിക്ഷേപകരുടെ നിക്ഷേപം മടക്കി നൽകുന്നതിന് കെ.എസ്.എഫ്.ഇ യിൽ നിന്ന് ടി സംഘത്തിന് 18 മാസക്കാലാവധിയിൽ 4% പലിശ നിരക്കിൽ 15 കോടി രൂപ 2 തുല്യ ഗഡുക്കളായി നൽകുന്നതിനും ഇതിൽ ആദ്യ ഗഡു ഉടനെയും രണ്ടാം ഗഡു ക്രമക്കേടിന് ഉത്തരവാദികളായവരിൽ നിന്നും 50% തുക തിരികെ പിടിച്ചതിനു ശേഷവും എന്ന നിബന്ധനകളോടെ വായ്പ അനുവദിക്കുന്നതിന് 16/09/2017 ലെ സ.ഉ(കൈ)34/2017/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഗ്യാരന്റി നൽകി. ആദ്യഗഡുവായി 7.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയും സംഘത്തിൽ ബാക്കിനിൽപ്പുള്ള തുകയും ഉൾപ്പെടെ 8,92,24,598/- രൂപ മടക്കി നൽകുന്നതിനുള്ള പട്ടിക സംഘം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത ഉറപ്പു വരുത്തി ഉടൻ വിതരണം ചെയ്യുന്നതിന് സംഘം സെക്രട്ടറി/ പ്രസിഡന്റ്, തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ